കേരള സർക്കാർ

സംഗ്രഹം

ഭവന നിർമ്മാണ വകുപ്പ് - ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങളുടെ തറവിസ്തീർണ്ണം പരമാവധി 60 ച. മീറ്ററിൽ നിന്നും 10% വരെ അധികരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭവന നിർമ്മാണ (സി) വകുപ്പ്

സ.ഉ.(ആർ.റ്റി) നം. 21/2015/ഭവനം തീയതി, തിരുവനന്തപുരം, 20.02.2015.

പരാമർശം: 1. സ.ഉ (എം.എസ്) നം. 21/2013/ഭവനം തീയതി 26.08.2013.
2. ഭവന നിർമ്മാണ ബോർഡ് ചെയർമാന്റെ 30.12.2014- ലെ L2/ഗൃഹശ്രീ/2014/4643 നമ്പർ കത്ത്.

Secretary
K.S.H.B.

## ഉത്തരവ്

ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടനകൾ/എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹായത്തോടും സർക്കാർ സബ്സിഡിയോടും കൂടി ഭവനം നിർമ്മിച്ചു നൽകുന്ന ഗൃഹശ്രീ ഭവന പദ്ധതിയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഗൃഹശ്രീ ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് നാല് ഗഡുക്കളായാണ് ധനസഹായം നൽകുന്നത്. ഗൃഹശ്രീ ഭവന പദ്ധതി പ്രകാരമുള്ള ഭവനങ്ങളുടെ പ്ലാൻ തയ്യാറാക്കുമ്പോൾ പരമാവധി 60 ച. മീറ്റർ കൂടുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും നിർമ്മാണ പുരോഗതിയുടെ പരിശോധന നടത്തുമ്പോൾ പലപ്പോഴും തറവിസ്തീർണ്ണം 60 ച. മീറ്ററിൽ കൂടുതൽ വരുന്നുണ്ട് എന്നും പ്രസ്തുത സാഹചര്യത്തിൽ ഇത്തരം ഗുണഭോക്താക്കൾക്ക് ഗഡുക്കൾ നൽകാൻ പറ്റാത്ത സാഹചര്യം ഉണ്ടാവുകയും തന്മൂലം പദ്ധതിയുടെ പുരോഗതി തടസ്സപ്പെടുകയും ചെയ്യുന്നുണ്ട് എന്നും ആയതിനാൽ ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ തറവിസ്തീർണ്ണം വർദ്ധിപ്പിക്കണമെന്ന് ഭവന നിർമ്മാണ ബോർഡ് ചെയർമാൻ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗൃഹശ്രീ ഭവന പദ്ധതി പ്രകാരമുള്ള ഭവനങ്ങളുടെ തറവിസ്തീർണ്ണം 60 ച. മീറ്ററിൽ കൂടുതൽ വരുന്നതുമൂലം ഗുണഭോക്താക്കൾക്ക് ഗഡുക്കൾ നൽകാൻ പറ്റാത്ത അവസ്ഥ ഉണ്ടാകുന്നതിനാലും തന്മൂലം പ്രസ്തുത പദ്ധതിയുടെ പുരോഗതി തടസ്സപ്പെടുന്ന സാഹചര്യത്തിലും ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങളുടെ തറവിസ്തീർണ്ണം പരമാവധി 60 ച.മീറ്ററിൽ നിന്നും 10% വരെ അധികരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതിനോടകം പ്രസ്തുത പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കി ഗഡുക്കൾ പൂർണ്ണമായും ലഭിക്കാത്തവർക്കും ഈ ആനുകൂല്യം ലഭിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

ചെയർമാൻ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം.
ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം.
ധനകാര്യ (പി.യു.സി) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
വെബ് ആന്റ് ന്യൂ മീഡിയാ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ